ആലപ്പുഴ നഗരത്തിലെ ശുദ്ധജല വിതരണം

49(255) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിലെ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിനും നവീകരണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി പുതിയതായി കുഴൽകിണറുകൾ നിർമ്മിക്കുന്നതിനും ജി.ഐ.പൈപ്പുകൾ മാറ്റി പി.വി.സി. പൈപ്പുകൾ ഉപയോഗിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടെ പമ്പയാറ്റിൽ നിന്നും ആലപ്പുഴ നഗരത്തിൽ നേരിട്ട് കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതിക്ക് ആവശ്യമായ ഭരണാനുമതിയും ധനകാര്യ അനുമതിയും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ഇ) ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുഴുവൻ സാമ്പത്തിക സഹായവും ഹഡ്കോ ആണോ നൽകുന്നത് ; സംസ്ഥാന സർക്കാരിന്റെയും, കേന്ദ്രസർക്കാരിന്റേയും, വിഹിതം ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമുണ്ടോ എന്ന് വെളിപ്പെടുത്താമോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(എഫ്) ഇവിടെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹസിക്കുന്നതിന് ജലസേചന വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതലയോഗ തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ജി) യോഗ തീരുമാനങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(എച്ച്) ഹഡ്കോ ധനസഹായത്തോടെ നടപ്പക്കാനുദ്ദേശിക്കുന്ന പദ്ധതിക്ക് ആവശ്യമായ ഭരണാനുമതിയും സാമ്പത്തികാനുമതിയും എത്രയും വേഗം നൽകി പണി തുടങ്ങുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ നഗരത്തിലും സമീപ പ്രദേശങ്ങളായ കളർകോട് (ഒ.ജി), പുന്നപ്ര (ഒ.ജി), കോമളപുരം (സി.ടി), മഞ്ചേരി(സി.ടി), അമ്പലപ്പുഴ, പുറക്കാട്, കലവൂർ പാതിരിപ്പിള്ളി, കരുമാടി എന്നീ സ്ഥലങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിൽ പമ്പാനദി ഉറവിടമാക്കി ഒരു ശുദ്ധജലവിതരണ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത സ്കീമിൽ ഒന്നാംഘട്ടമായി ആലപ്പുഴ മുനിസിപ്പാലിറ്റിക്ക് ഭാഗികമായി പ്രയോജനം ലഭിക്കത്തക്ക വിധത്തിലുള്ള ഒരു ശുദ്ധജലവിതരണ പദ്ധതിക്ക് 50 കോടി രൂപയുടെ വായ്പ ഹഡ്കോ അനുവദിച്ചിട്ടുണ്ട്. ഹഡ്കോയുടെ വായ്പ ലഭിക്കുന്നതിനുള്ള പ്രധാന വ്യവസ്ഥയായ സർക്കാർ ഗ്യാരന്റിക്ക് ഭരണാനുമതി നൽകുന്നതിനുള്ള മുൻകൂർ അനുമതിക്കും വേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ താഴെപ്പറയുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്.

1. തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്ത 63.58 കി.മീ. നീളത്തിൽ ജി.ഐ. പൈപ്പുലൈൻ മാറ്റി പി.വി.സി. പൈപ്പ് സ്ഥാപിച്ച് വിതരണം മെച്ചപ്പെടുത്തി.

2. പുതിയതായി നാലു കുഴൽ കിണറുകൾ നിർമ്മിച്ച് വെള്ളം പമ്പ് ചെയ്തു തുടങ്ങി.

3. ജലം അണുവിമുക്തമാക്കുന്നതിന് നാല് പമ്പ് ഹൗസുകളിൽ ക്ലോറിൻ വാതകം ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. ഇനി നാല് പമ്പ് ഹൗസുകളിൽ കൂടി ഏർപ്പെടുത്തുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

4. പമ്പ് ചെയ്യുന്ന ജലത്തിൽ ഫ്ളൂറൈഡിന്റെ അംഗീകരിച്ച മാത്ര കണക്കിലെടുത്ത് പമ്പയിൽ നിന്നും നദീജലം ശുദ്ധീകരിച്ച് ആലപ്പുഴ പട്ടണത്തിൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തു.

ജി.ഐ.പൈപ്പിനു പകരം പി.വി.സി.പൈപ്പ് ഉപയോഗിക്കുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് കഴിഞ്ഞ വർഷം പണികഴിച്ച 4 ട്യൂബ് വെല്ലിൽ പി.വി.സി. പൈപ്പാണ് ഉപയോഗിച്ചത്.

(സി) പ്രസ്തുത പദ്ധതിയുടെ വിശദമായ സർവ്വേ നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. ഹഡ്കോ നിബന്ധന പ്രകാരം വായ്പ ലഭ്യമാക്കുവാനുള്ള അപേക്ഷയും മറ്റ് അനുബന്ധരേഖകളും തയ്യാറാക്കി ഹഡ്കോയ്ക്ക് സമർപ്പിച്ച് 50 കോടി രൂപ വായ്പയ്ക്കുള്ള അനുമതി ലഭ്യമാക്കി. ലോൺ ലഭിക്കുവാൻ സർക്കാർ ഗ്യാരണ്ടിയും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സർക്കാർ വിഹിതം ബഡ്ജറ്റിൽ വകയിരുത്തുന്നതിനുമായി കേരള വാട്ടർ അതോറിറ്റി സർക്കാരിനെ സമീപിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) ഭരണാനുമതിക്കായും, ധനകാര്യ അനുമതിക്കായും സർക്കാരിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ഇ) ഹഡ്കോ മാനദണ്ഡ പ്രകാരം പ്രസ്തുത പദ്ധതിയുടെ മൊത്തം തുക 77.8328 കോടി രൂപയാണ്. ഇതിൽ 50 കോടി രൂപയാണ് ഹഡ്കോ വായ്പ നൽകാമെന്ന് സമ്മതിച്ചിട്ടുള്ളത്. ബാക്കിയുള്ള 27.8328 കോടി രൂപ സർക്കാരും അതോറിറ്റിയും ചേർന്ന് പദ്ധതിയുടെ നിർമ്മാണക്കാലയളവിലായി വഹിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) യോഗ തീരുമാനങ്ങൾ താഴെപ്പറയുന്നവയാണ്;

1. ആലപ്പുഴയിലെ തകർന്നതും ജീർണ്ണിച്ചതുമായ വ്യാസം കുറഞ്ഞ മുഴുവൻ ജി.ഐ. പൈപ്പുകളും (മുൻപ് സ്ഥാപിച്ച 65 കി.മീ) മാറ്റി സ്ഥാപിക്കുക.

2. തത്തംപള്ളി വാർഡിൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് കർഷക സംഘത്തിന്റെ സ്ഥലത്ത് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് സ്ഥാപിച്ചിട്ടുള്ള കുഴൽ കിണർ കേരളാ വാട്ടർ അതോറിറ്റിക്ക് കൈമാറി ആവശ്യമായ പൈപ്പ് ലഭ്യമാക്കി ജലവിതരണം സ്ഥാപിക്കുക.

3. അടിയന്തിരമായ നടപടിയായി പഴകിയ പൈപ്പുകൾ മാറ്റി 65 കി.മീ.നീളം കേടുകൾ തീർക്കുക.

4. ശാശ്വത പരിഹാരമെന്ന നിലയിൽ പമ്പാനദി സ്രോതസ്സായി ആലപ്പുഴ, ഹരിപ്പാട് പ്രദേശങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതി നടപ്പാക്കുക.

5. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് മൂന്ന് കുഴൽ കിണറുകൾ സ്ഥാപിക്കുക.

6. നിലവിലുള്ള ജല ലഭ്യത കുറഞ്ഞ കുഴൽ കിണറുകൾ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ഡവലപ്പ് ചെയ്ത് ഉപയോഗപ്രദമാക്കുക.

(ജി) പഴകി ദ്രവിച്ച ജി.ഐ.പൈപ്പുകൾ മാറ്റി പുതിയ പി.വി.സി. പൈപ്പുകൾ സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ ജല ലഭ്യത വർദ്ധിപ്പിക്കുന്നതിനായി പൂന്തോപ്പ്, കൊമ്മാടി, താലിശ്ശേരി, ചന്ദനക്കാവ് എന്നീ സ്ഥലങ്ങളിൽ നാലു കുഴൽ കിണറുകൾ നിർമ്മിച്ചു. ഈ പദ്ധതി 17-1-2000-ൽ ജലസേചനവും തൊഴിലും വകുപ്പുമന്ത്രി ഉത്ഘാടനം ചെയ്യുകയും ചെയ്തു. ശാശ്വത പരിഹാരമായി നിർദ്ദേശിച്ച പമ്പാനദി സ്രോതസ്സായി ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതി ഹഡ്കോയുടെ ധനസഹായത്തോടെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. 50 കോടി രൂപ ഹഡ്കോ വായ്പ അനുവദിച്ചിട്ടുണ്ട്. ഹഡ്കോ വായ്പ ലഭിക്കുവാൻ ആവശ്യമായ സർക്കാർ ഗ്യാരന്റിയും ഭരണാനുമതിയും നൽകുന്ന മുറയ്ക്ക് വായ്പ ലഭ്യമാക്കി പദ്ധതി ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(എച്ച്) ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു.

മലപ്പുറം ജില്ലയിലെ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി

50(256) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. എം. കെ. മുനീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly